പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2810 09.05.2017-ലെ മറുപടിക്ക്

# റിസർവ് കണ്ടക്ടർ നിയമനം

ചോദ്യം
ശ്രീ. ബി.ഡി. ദേവസ്സി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ റിസർവ് കണ്ടക്ടർ തസ്തികയിൽ പി.എസ്.സി.യുടെ അഡ്വൈസ് മെമ്മോ ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും നിയമന ഉത്തരവ് ലഭിക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യിൽ റിസർവ്വ് കണ്ടക്ടർ തസ്തികയിൽ 05.05.2012-ൽ നിലവിലുണ്ടായിരുന്ന 3808 എണ്ണത്തിന് പകരമായി 9300 ഉദ്യോഗാർത്ഥികളുടെ നിയമനോപദേശ പട്ടിക പി.എസ്.സി നൽകിയത് നിമിത്തം മേൽപ്പറഞ്ഞ 9300 ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുവാനായി 2013 മുതൽ 2016 വരെ ഏകദേശം 3 വർഷത്തോളം കാലതാമസം നേരിടേണ്ടി വന്നിരുന്നു. കെ.എസ്.ആർ.ടി.സി റിപ്പോർട്ട് ചെയ്ത യഥാർത്ഥ ഒഴിവുകളേക്കാൾ രണ്ട് ഇരട്ടിയോളം പേർക്ക് അധികമായി പി.എസ്.സി നിയമനോപദേശം നൽകിയെങ്കിലും, കടുത്ത സാമ്പത്തിക പരാധീനതകൾക്കിടയിലും കോർപ്പറേഷൻ നിയമനോപദേശം ലഭിച്ച 9300 പേർക്കും നിയമനം അനുവദിച്ചിരുന്നു. ഇതിനുപുറമേ 4-ാം നിയമനഘട്ടത്തിലെ (റാങ്ക് നമ്പർ. 6364 മുതൽ 8700 വരെ) NJD ഒഴിവുകളായ 1075 എണ്ണം നിലനിൽക്കെ നിയമനപട്ടികയിലെ ഉദ്യോഗാർത്ഥികളുടെ ലഭ്യത കുറവ് നിമിത്തം നിയമനം അനുവദിക്കാൻ കഴിയാതിരുന്ന ഒഴിവുകളായ 526 എണ്ണവും (1075-549=526) 5-ാം നിയമന |

| | | | |
|---|---|---|---|
| | | | ഘട്ടത്തിലെ (റാങ്ക് നമ്പർ 8751 മുതൽ 9300 വരെ) NJD ഒഴിവുകളായ 297 എണ്ണവും ചേർത്ത് ആകെ 823 ഒഴിവുകൾ ബഹു.ഹൈക്കോടതിയുടെ CCC No. 549/2016(a) dtd. 23.06.2016 ഉത്തരവ് അനുസരിച്ച് 1012/GL2/97/RTC dtd. 28.06.16 പ്രകാരം പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഇത്തരത്തിൽ 4556 NJD ഒഴിവുകളിൽ മേൽപ്പറഞ്ഞ 823 ഒഴിവുകൾ, ഒഴികെയുള്ള 3733 എണ്ണവും തൊട്ടടുത്ത ഓരോ നിയമന ഘട്ടത്തിലും നികത്തി നിയമനം അനുവദിച്ചതിനാലാണ് പ്രസ്തുത റാങ്ക് പട്ടികയിലെ 9300 ഉദ്യോഗാർത്ഥികൾക്കും കോർപ്പറേഷന് നിയമനം അനുവദിക്കുവാൻ കഴിഞ്ഞത്.<br>ഇതിനു പുറമെ KLRV(2)/2240/2010 dtd. 09.09.2016 പ്രകാരം 328 ഉദ്യോഗാർത്ഥികളുടെ നിയമനോപദേശ പട്ടിക കണ്ടക്ടർ തസ്തികയിലെ നിയമനത്തിനായി പി.എസ്.സി വീണ്ടും കൈമാറുകയുണ്ടായി. ആദ്യ റാങ്ക് പട്ടികയിലെ 9300 ഉദ്യോഗാർത്ഥികളുടെ റൊട്ടേഷൻ പുന:ക്രമീകരിച്ചത് മൂലം റാങ്ക് പട്ടികയിൽ നിന്നും നീക്കം ചെയ്തതും, മാറ്റിവയ്ക്കപ്പെട്ടതുമായ 194 ഉദ്യോഗാർത്ഥികളുടെയും, 2014 ലെ പ്രതീക്ഷിത ഒഴിവുകൾ ആയി കോർപ്പറേഷൻ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളായ 134 എണ്ണവും ചേർത്താണ് മേൽപ്പറഞ്ഞ 328 പേരുടെ റാങ്ക് പട്ടിക പി.എസ്.സി തയ്യാറാക്കിയത്. എന്നാൽ 2014 കാലയളവിലെ പ്രതീക്ഷിത ഒഴിവുകൾ, |

| | | | |
|---|---|---|---|
| | | | പി.എസ്.സി അനുമതി നൽകിയതിൻ പ്രകാരം 9300 പേരുടെ ആദ്യ നിയമനോപദേശ പട്ടികയിലെ, രണ്ടാംഘട്ട നിയമന പ്രക്രിയയിൽ കെ.എസ്.ആർ.ടി.സി നികത്തിയ ഒഴിവുകളാണ്. എന്നിരുന്നിട്ടും. നിലവിൽ 823 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, കോർപ്പറേഷൻ പി.എസ്.സി നൽകിയ രണ്ടാമത് റാങ്ക് പട്ടികയിൽ ഉൾപ്പെട്ട തിരിച്ചറിയൽ പത്രികയിൽ അപാകതയുള്ളവർ ഒഴികെയുള്ള 301 ഉദ്യോഗാർത്ഥികൾക്ക്, നിലവിലെ 823 ഒഴിവുകളിൽ നിന്നും കുറവ് ചെയ്ത് നിയമനം അനുവദിച്ചിട്ടുണ്ട്.<br>എന്നാൽ ആദ്യ നിയമന പട്ടികയിലെ 9300 ഉദ്യോഗാർത്ഥികളുടെ നിയമന പ്രക്രിയയെ തുടർന്നുണ്ടായ NJD ഒഴിവുകൾ തിട്ടപ്പെടുത്തി പി.എസ്.സി, 4051 ഉദ്യോഗാർത്ഥികൾക്ക് 31.12.2016-ന് വീണ്ടും നിയമനോപദേശം നൽകിയിട്ടുണ്ട്. ഇതുമൂലം കോർപ്പറേഷൻ ഒരിക്കൽ നിയമനം അനുവദിച്ച NJD ഒഴിവുകളിൽ വീണ്ടും നിയമനം നൽകേണ്ട സാഹചര്യമാണുള്ളത്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | 05.09.2013, 09.09.2016 എന്നീ തീയതികളിലെ അഡ്വൈസ് പ്രകാരം നിയമനം നൽകിയിട്ടുണ്ട്. 15.12.2016, 31.12.2016 എന്നീ തീയതികളിലെ പി.എസ്.സി അഡ്വൈസിൽ നിയമന നടപടികൾ ആരംഭിച്ചിട്ടില്ല. |
| (സി) | പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ എംപാനൽ നിയമനം നടത്തി വരുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) | പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ നിലവിൽ എംപാനൽ നിയമനം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പി.എസ്.സി. അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് പ്രകാരമുള്ള പാക്കേജ് പരിശോധിച്ച മാത്രമേ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ